വാണിജ്യ നികുതി വകുപ്പിൽ നേരിട്ട് നിയമനം ലഭിക്കുന്ന കൊമേഴ്ഷ്യൽ ടാക്സ് ഓഫീസർ തസ്തിക, ക്ഷീരവികസന വകുപ്പിൽ ഡയറിഫാം ഇൻസ്ട്രക്ടർ തസ്തിക, ആരോഗ്യവകുപ്പിനു കീഴിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ അനലിസ്റ്റ് ഗ്രേഡ് III, ഡ്രഗ്സ് ഇൻസ്പെക്ടർ, നഗരകാര്യ വകുപ്പിൽ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III; ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പട്ടികജാതി വികസനവകുപ്പിലെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II എന്നീ തസ്തികകളിൽ പ്രീ സർവ്വീസ് പരിശീലനം നൽകുന്നുണ്ട്.

(ബി) ഇവയിൽ വിജിലൻസ്&ആന്റികറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ, വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സിവിൽ സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകുന്ന പ്രീ സർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസ് ആയി പരിഗണിക്കുന്നുണ്ട്.

കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പ്രീസർവ്വീസ് പരിശീലനകാലം, ഡയറിഫാം ഇൻസ്ട്രക്ടർ തസ്തികയിലെ പ്രീസർവ്വീസ് പരിശീലനം, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നവർക്കുള്ള പ്രീ സർവ്വീസ് പരിശീലനകാലം എന്നിവ സർവ്വീസായി പരിഗണിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. ബാക്കിയുള്ള തസ്തികയിലെ പ്രീ സർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസായി പരിഗണിക്കുന്നതിന് പ്രൊപ്പോസൽ നിലവിലില്ല.

എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനങ്ങൾ

56 (3687) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര ശതമാനം നിയമനങ്ങൾ നടന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) മിക്ക ഒഴിവുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 31-3-2015-ന് കാലാവധി അവസാനിക്കുന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഉടനെ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് ഓരോ ജില്ലയിലും 31-5-2015 വരെ എൽ.ഡി.സി.-യുടെ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

മലയാള ഭാഷാ നിയമനിർമ്മാണത്തിന്റെ പുരോഗതി

57 (3688) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പതിമൂന്നാം കേരള നിയമസഭാ കാലയളവിൽ തന്നെ മലയാള ഭാഷാ നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

മലയാളഭാഷാ നിയമനിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരികയാണ്.

പത്ത് ശതമാനം പ്രൊമോഷൻ സംവരണം

58 (3689) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിൽ 10 ശതമാനം പ്രൊമോഷൻ സംവരണം ചെയ്യുന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ, ഏതൊക്കെ വകുപ്പുകൾ പ്രൊമോഷന്റെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് ; നാളിതുവരെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെ ?

LIBRARY ARCHIVES Kerala Legislative Assembly